പഠനം

ജമീൽ അഹ്മദ്



കമലാ സുറയ്യ ഒരിക്കൽ പറഞ്ഞു, സത്യം മാത്രമേ എഴുതൂ എന്ന് ഞാൻ നിശ്ചയിച്ചു. സത്യം എന്നത് ആട്ടിടയന്മാർ കൊണ്ടുനടക്കുന്ന അറ്റം വളഞ്ഞ വടിപോലെയാണ്. ശക്തമെങ്കിലും അപകടകരമായ ഒരായുധം. അതിന്റെ രാകി മൂർച്ചയാക്കിയ അഗ്രഭാഗം കൈത്തലത്തിലേക്കു വഴുതിയാൽ മതി, കൈത്തലം മുറിഞ്ഞു രക്തം വാർന്നൊഴുകും.

# വെളിച്ചം ചില്ലിനുള്ളിലെ വിളക്കിൽനിന്ന്

### ഒന്ന്

**നിരന്തരമായ** അന്വേഷണമാണ് പ്രതിഭയുടെ ജീവിതം. പരമമായ സത്യത്തെയാണ് ഓരോ വാക്കിലും അവർ അന്വേഷിക്കുന്നത്. മാൽക്കം എക്സ്, മുഹമ്മദ് അസദ്, യൂസുഫുൽ ഇസ്‌ലാം, രജാഗരോഡി, മർയം ജമീല, മൈക്കിൾ ജാക്സൺ തുടങ്ങി പ്രതിഭാധനരായ പലരും ഈ അന്വേഷണം അല്ലാഹുവിൽ അവസാനിപ്പിച്ചിട്ടുണ്ട്. ഈ തെരഞ്ഞുചെല്ലൽ പുഴപോലെ പ്രതിബന്ധങ്ങളെ കൂസാതെ മുന്നോട്ട് മുന്നോട്ട് കുതിക്കുന്നു. കമലാ സുറയ്യയുടെ ഈ സത്യാന്വേഷണ പരീക്ഷണങ്ങളെയാണ് നാം ഇത്രകാലവും കഥയെന്നും കവിതയെന്നും തെറ്റിദ്ധരിച്ചത്. കഥയിൽനിന്ന് ഓർമകളെയും ഓർമക്കുറിപ്പുകളിൽനിന്ന് കഥയെയും

വേർത്തിരിച്ചെടുക്കാനാവാത്തത് അതുകൊണ്ടാണ്. മലയാളത്തിൽ ഈ ശങ്ക വായനക്കാരിൽ ഇതിനുമുമ്പ് വൈക്കം മുഹമ്മദ് ബഷീർ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. അനിതരസാധാരണമായ പ്രതിഭാവിലാസത്തെക്കാൾ അത്യഗാധമായ ജീവിതസത്യാന്വേഷണ തൃഷ്ണയും മലയാളത്തിൽ ഇവർ രണ്ടുപേർ മാത്രമാണ് പ്രകടിപ്പിച്ചിട്ടുള്ളതും. സത്യത്തിനുവേണ്ടിയുള്ള ആത്മാർഥമായ ഈ അന്വേഷണത്തിന്റെ മാർഗത്തിൽ സത്യസന്ധമല്ലാത്ത ഒരു വാക്കുപോലും അവർ എഴുതുകയില്ല. കമലാ സുറയ്യ ഒരിക്കൽ പറഞ്ഞു, "സത്യം മാത്രമേ എഴുതൂ എന്ന് ഞാൻ നിശ്ചയിച്ചു. സത്യം എന്നത് ആട്ടിടയന്മാർ കൊണ്ടുനടക്കുന്ന അറ്റം വളഞ്ഞ വടി പോലെയാണ്. ശക്തമെങ്കിലും അപകടകരമായ ഒരായുധം. അതിന്റെ രാകി മൂർച്ചയാക്കിയ അഗ്രഭാഗം കൈത്തലത്തിലേക്കു വഴുതിയാൽ മതി, കൈത്തലം മുറിഞ്ഞു രക്തം വാർന്നൊഴുകും. സത്യം പറയുന്നവന്റെ വഴിയിലേക്കു നോക്കൂ, അവൻ സഞ്ചരിച്ചയിടമെല്ലാം ചോരത്തുള്ളികൾ ചിതറിക്കിടക്കുന്നതു കാണാം" (*സാംസ്കാരിക വികാരം* മാസിക, കമല സുരയ്യപ്പതിപ്പ്). അതുകൊണ്ടാണ് ബഷീറിന്റെയും കമലയുടെയും കഥകൾ അനുഭവമായും അനുഭവങ്ങൾ കഥകളെപ്പോലെ വിസ്മയാവഹമായും വായനക്കാരന് അനുഭവപ്പെടുന്നത്. ജീവിതവും എഴുത്തും രണ്ടല്ലാതാകുന്നതുമങ്ങനെത്തന്നെയാണ്.

മാധവിക്കുട്ടി എഴുതിയവയിൽ കഥയെയും കവിതയെയും നോവലിനെയും വലുപ്പംകൊണ്ടധികരിക്കുന്നത് ഓർമക്കുറിപ്പുകളാണ്. അസാധാരണമായ വഴക്കത്തോടെ നാലപ്പാട്ടു തറവാടിന്റെ മണ്ണടരുകളെ ഓരോന്നും അവർ സ്വന്തം വീട്ടുമുറ്റംപോലെ മലയാളിക്ക് പരിചിതമാക്കി. കേരളീയ നായർതറവാടിന്റെ വരച്ചുവെച്ച ചിത്രമാതൃക നാലപ്പാട്ടായിരുന്നു. വിശ്വസാഹിത്യംപോലും വിരുന്നുവന്ന ആ പൂമുഖം മുതൽ, അവിഹിതഗർഭം ധരിച്ച വേലക്കാരി തൂങ്ങിമരിച്ച അവിടത്തെ ഉരപ്പുരവരെ മിഴിവാർന്ന്, കുറവ് തീർത്ത് കമല മലയാളിക്കുമുമ്പിൽ വരച്ചുവെച്ചു. നാലപ്പാട്ടു തറവാടിന്റെ പെരുമകൊണ്ടു കൂടിയാണ് മാധവിക്കുട്ടി എന്ന എഴുത്തുകാരിയുണ്ടായത്. നാലപ്പാട്ടു കമല എന്ന പേരിലായിരുന്നു കമലാ സുറയ്യയുടെ ആദ്യ കഥകൾ *മാതൃഭൂമി*യിൽ വന്നിരുന്നത്. യാഥാസ്ഥിതികരായ തന്റെ കുടുംബാംഗങ്ങളെ വേദനിപ്പിക്കാതിരിക്കാനാണ് പിന്നീട് മാധവിക്കുട്ടി എന്ന തൂലികാനാമം

**പകരം വെക്കാൻ മറ്റൊരു വാക്കുണ്ടാവില്ലെന്ന് വരും വരെ എഴുത്തിൽ ശ്രദ്ധവെക്കുന്ന കമല ഇസ്‌ലാംമതാശ്ലേഷത്തിനു ശേഷം എഴുതിയവയിൽ മിനുക്കി വെക്കാത്ത വാക്കുകളുടെ ആധിക്യം കണ്ട് വായനക്കാർ അലോസരപ്പെട്ടു. മുമ്പ് ഇംഗ്ലീഷിലെഴുതിയ കവിതകളിലുള്ള പ്രമേയപരവും ഭാഷാപരവുമായ മുറുക്കത്തെക്കാളേറെ ആത്മഗതങ്ങളുടെയും പിറുപിറുക്കലുകളുടെയും സൗന്ദര്യംകൊണ്ട് സുഗ്രാഹ്യമായിരുന്നു ആ വചനങ്ങൾ എങ്കിലും.**

കമല സ്വീകരിക്കുന്നത്. നാലപ്പാട്ടു തറവാട്ടിന്റെ ബാഹ്യമായ പിന്തുണകളിൽനിന്ന് വേറിട്ടുനിൽക്കാനും സ്വന്തമായൊരു എഴുത്തുവിലാസം ഉണ്ടാക്കാനും ഇത് കമലയെ സഹായിച്ചു. അമ്മയായ ബാലാമണിയമ്മയിൽനിന്ന് വ്യത്യസ്തമായി, അത്രയും സ്വാതന്ത്ര്യത്തോടെ എഴുതാനുള്ള കെൽപ്പും അവർക്കുണ്ടായിരുന്നു.

മലയാളിയുടെ വായനയിൽ നാലുകെട്ടിന്റെ മണം പ്രസരിപ്പിച്ച മറ്റൊരു എഴുത്തുകാരൻ എം.ടി വാസുദേവൻ നായരാണല്ലോ. എന്നാൽ എം.ടിയുടെ നാലുകെട്ടും മാധവിക്കുട്ടിയുടെ നാലുകെട്ടും രണ്ടാണ്. കാരണവരിരിക്കുന്ന പൂമുഖത്തുനിന്ന് നായർ പെണ്ണുങ്ങൾ കുളിക്കുകയും പരദൂഷണം പറയുകയും ചെയ്യുന്ന കുളക്കടവിൽ എം.ടി നാലുകെട്ടിനെ അവസാനിപ്പിക്കുമ്പോൾ അടിയാത്തിപ്പെണ്ണിന്റെ കണ്ണീരും കരുത്തും കാണുന്ന ഉരപ്പുരയിലാണ് മാധവിക്കുട്ടിയുടെ നാലുകെട്ടവസാനിക്കുന്നത്. ആധുനികതയുടെ ജ്ഞാനവ്യവസ്ഥ നാലുകെട്ടുകളെ തകർക്കുന്ന സ്വപ്നം മലയാളിക്ക് സിനിമയിലെന്ന പോലെ വെറുതെ കാണിച്ചുകൊടുത്ത് യാഥാർഥ്യലോകത്ത് അവരെ സ്വന്തം ഭാഷയുടെ നാലുകെട്ടിൽ എം.ടി തളച്ചിട്ടു. മാധവിക്കുട്ടിയാകട്ടെ നാലപ്പാട്ടെ മൂന്നുനില കെട്ടിടം പൊളിച്ചുകളഞ്ഞ് മാനവികതയുടെ വിശാലാകാശങ്ങളിലേക്ക് മലയാളിയെയും കൊണ്ട് പറന്നു ചെന്നു.

**രണ്ട്**

ഇസ്‌ലാമിലേക്കുള്ള കമലാ സുറയ്യയുടെ പ്രവേശനം ഞൊടിയിടയിൽ സംഭവിച്ച ഒരു വീഴ്ചപോലെയാണ് പൊതുവെ മലയാളം കേട്ടത്. അത്രയും ഭയത്തോടെയും ആശങ്കയോടെയുമാണ് കേരളം ആ വാർത്ത ഏറ്റെടുത്തതും. അതു സൃഷ്ടിച്ച മറ്റ് അലയൊലികളിലേക്കും അലോസരങ്ങളിലേക്കും പോകുന്നത് മലയാളികളുടെ ക്രൂരമായ മതമുൻവിധികളെ അനുഭവിപ്പിക്കും. എന്നാൽ മാധവിക്കുട്ടിയിൽനിന്ന് കമലാ സുറയ്യയിലേക്കുള്ള ദൂരം അത്ര പെട്ടെന്നായിരുന്നെന്ന് കരുതാൻ ഒരു ന്യായവുമില്ലെന്ന് അവരുടെ ഓർമക്കുറിപ്പുകളുടെ സൂക്ഷ്മ വായന സഹായിക്കും. ഒരുമ്പെട്ടവളായ ഒരെഴുത്തുകാരിയുടെ കുറേ ഭ്രാന്തുകളിൽ ഒരു ഭ്രാന്ത് എന്നാണ് പലരും ആ മതംമാറ്റത്തെ പരിഹസിച്ചത്. കേരളത്തിന്റെ മത-സാമൂഹിക ഘടനയിൽ ആഴത്തിൽ ഇളക്കമുണ്ടാക്കിയ ആ സംഭവത്തെ കേവലം തമാശയായി തട്ടിയകറ്റിയതിന്റെ ഏറ്റവും വലിയ പിഴ നാം ഒടുക്കാനിരിക്കുന്നതേയുള്ളൂ.

കുട്ടിയായിരിക്കുമ്പോഴേ വസ്ത്രധാരണത്തിന്റെ ഇസ്‌ലാമിക സൗന്ദര്യത്തിൽ കമല മുഗ്ധയായിരുന്നു. കൽക്കത്തയിലായിരിക്കുമ്പോൾ ഗഗാറ എന്ന പാരമ്പര്യ മുസ്‌ലിം വസ്ത്രം അണിഞ്ഞു വന്ന റോമ എന്ന കൂട്ടുകാരിയെക്കുറിച്ച് അവർ എഴുതുന്നു:

"അത് ഒരു ഇസ്‌ലാമിക വസ്ത്രമായിരുന്നു. പാവാടപോലെ തോന്നിക്കുന്ന പയ്ജാമകൾ. എനിക്കും അത്തരം വസ്ത്രങ്ങൾ ധരിക്കുവാൻ ആഗ്രഹമുണ്ടെന്ന് ഞാൻ ഒരു ദിവസം രാവിലെ അച്ഛനോട് പറഞ്ഞു.- അതൊക്കെ മാപ്ലാരുടെ വേഷം, നിനക്ക് ചേരില്ല- അച്ഛൻ പറഞ്ഞു" (*വിഷാദം പൂക്കുന്ന മരങ്ങൾ*). നാലപ്പാട്ടെ കാരണവൻമാർക്കുള്ളിൽ ദേശീയപ്രസ്ഥാനം ആവേശിച്ചതുമുതൽ അവിടെ യാരും നിറമുള്ള വസ്ത്രങ്ങളണിഞ്ഞിരുന്നില്ല, പരുക്കൻ ഖദർ വെള്ളകളല്ലാതെ. എന്നാൽ കമല തന്റെ ആദ്യത്തെ സ്വാതന്ത്ര്യപ്രകടനം നടത്തുന്നതുതന്നെ നിറമുള്ള വസ്ത്രങ്ങളണിഞ്ഞായിരുന്നു.

കടുത്ത നിറമുള്ള വളകൾ, ആഭരണങ്ങൾ, പൂക്കൾ, സമ്മാനങ്ങൾ തുടങ്ങിയവയോടെല്ലാം അതിരുകവിഞ്ഞ അടുപ്പം കാട്ടിയ ആ മനസ്സ് തികച്ചും സ്ത്രൈണമായ അഭിനിവേശങ്ങളിൽ മുഴുകുമ്പോ

ഴൊക്കെയും ത്യാഗിയെപ്പോലെ എല്ലാം കൊടുത്തുകളയാനും താൽപര്യം കാണിച്ചു. കൊടുത്തതെല്ലാം സ്നേഹമായി തിരിച്ചുവാങ്ങാൻ ധിറുതികൂട്ടി. ഈ സൗന്ദര്യാരാധനയുടെ മറ്റൊരു ആവിഷ്കാരമായാണ് ഇസ്‌ലാമിലേക്കുള്ള മതം മാറ്റത്തെയും കാണേണ്ടത്. ഒരു വിശ്വാസ സംഹിത എന്ന നിലക്ക് കമല ഹിന്ദുമതത്തെ മുമ്പേ അവലംബിച്ചിരുന്നില്ല. ശ്രീകൃഷ്ണനാകട്ടെ അവരെ സംബന്ധിച്ചേടത്തോളം ഹൈന്ദവമായ ഒരു സങ്കൽപമേ ആയിരുന്നില്ല. പുരുഷകാമത്തിന്റെ ദൈവമായിരുന്നു. പ്രണയിക്കുന്ന ഓരോ സ്ത്രീക്കുമുള്ളിൽ ശ്രീകൃഷ്ണന്റെ കാമുകിയായ രാധയുടെ ആത്മാവാണുള്ളതെന്ന് അവർ വിശ്വസിച്ചു. ഓരോ പുരുഷനിലും അവർ ശ്രീകൃഷ്ണനെ തിരഞ്ഞു. അതുകൊണ്ടാണ് എന്റെ കൃഷ്ണനെ ഞാൻ ഇസ്‌ലാമിലേക്കെടുക്കുന്നു എന്ന് അവർ പ്രസ്താവിച്ചത്. ഇസ്‌ലാമാശ്ലേഷത്തിനു ശേഷവും മതം എന്ന വാക്കിനെ അവർ താൻ സ്വീകരിച്ച ഇസ്‌ലാമല്ലാത്ത, തന്റെ അല്ലാഹുവിന്റേതല്ലാത്ത മറ്റു ചിലതായാണ് ഉപയോഗിച്ചത്. ആ മതത്തിന്റെ അർഥം ഇന്ന് നമുക്കുചുറ്റുമുള്ള, പല മുസ്‌ലിംകൾക്കൂടി ഉൾപ്പെടുന്ന ഒരു യാഥാർഥ്യമാണ്. അതിനെ എന്നും സുറയ്യ നിരാകരിച്ചു കൊണ്ടേയിരുന്നു. താൻ സ്വീകരിച്ച മതത്തെ മാധവിക്കുട്ടി ഇതാ തള്ളിക്കളയുന്നേ എന്ന മട്ടിലാണ് മലയാളത്തിലെ മാധ്യമലോകം പക്ഷേ ആ പ്രസ്താവനകളെ കവർസ്റ്റോറിയാക്കി വിറ്റഴിച്ചത്. കമലാ സുറയ്യയെ മുഴുവനായും മനസ്സിലാകുന്നതിന് കേരളത്തിന്റെ ഭാവുകത്വം ഇനിയും പക്വമാകേണ്ടതുണ്ട്.

പലരും ഇനി മാധവിക്കുട്ടി എഴുതുകയില്ല എന്ന് ആഗ്രഹിക്കുകയും ചിലരെങ്കിലും ഉറക്കെപ്പറയുകയും ചെയ്തു. എങ്കിലും അവരെഴുത്തു തുടർന്നു. ജാനുവമ്മ പറഞ്ഞ കഥകളും അനുഭവക്കുറിപ്പുകളും കഥകളും തുടർന്നും പ്രസിദ്ധീകരിച്ചു. കൂടാതെ അന്നുവരെ മലയാളഭാഷയിൽ കവിതയെഴുതിയിട്ടില്ലാത്ത കമല കവിതയെന്നു തോന്നിക്കുന്ന വചനങ്ങൾ (verses) നേരിട്ട് മലയാളത്തിൽ ധാരാളമായി എഴുതാൻ തുടങ്ങി. അതിൽ പലതും അല്ലാഹുവോടുള്ള വർത്തമാനമായിരുന്നു. ചിലത് പ്രാർഥനകളായിരുന്നു. ചിലത് വെറും ആത്മഭാഷണങ്ങളായിരുന്നു. ഇസ്‌ലാമിലേക്ക് വരുന്നതിനു മുമ്പുള്ള സുറയ്യയുടെ കൃതികളും ഇസ്‌ലാമിലെത്തിയശേഷമുള്ള രചനകളും തമ്മിൽ ഘടനാപരമായുള്ള



**കടുത്ത നിറമുള്ള വളകൾ, ആഭരണങ്ങൾ, പൂക്കൾ, സമ്മാനങ്ങൾ തുടങ്ങിയവയോടെല്ലാം അതിരുകവിഞ്ഞ അടുപ്പം കാട്ടിയ ആ മനസ്സ് തികച്ചും സ്ത്രൈണമായ അഭിനിവേശങ്ങളിൽ മുഴുകുമ്പോഴൊക്കെയും ത്യാഗിയെപ്പോലെ എല്ലാം കൊടുത്തുകളയാനും താൽപര്യം കാണിച്ചു. കൊടുത്തതെല്ലാം സ്നേഹമായി തിരിച്ചുവാങ്ങാൻ ധിറുതികൂട്ടി. ഈ സൗന്ദര്യാരാധനയുടെ മറ്റൊരു ആവിഷ്കാരമായാണ് ഇസ്‌ലാമിലേക്കുള്ള മതംമാറ്റത്തെയും കാണേണ്ടത്.**

പ്രധാന വ്യത്യാസം അതിലെ ആശയപരവും ഭാഷാപരവുമായ അയവാണ്. വാക്കുകളെ വളരെ സൂക്ഷിച്ചാണ് കമല ഉപയോഗിച്ചിരുന്നത്. നായ്ക്കൾ പ്രസവിച്ച കുട്ടിയെ നക്കി വൃത്തിയാക്കുന്നതുപോലെ വാക്കുകളെ നക്കിനക്കി തുടച്ചാണ് താൻ വിന്യസിക്കുകയെന്ന് കമല ഒരിക്കൽ പറഞ്ഞിട്ടുണ്ട്. പകരം വെക്കാൻ മറ്റൊരു വാക്കുണ്ടാവില്ലെന്ന് വരുംവരെ എഴുത്തിൽ ശ്രദ്ധവെക്കുന്ന കമല ഇസ്‌ലാംമതാശ്ലേഷത്തിനു ശേഷം എഴുതിയവയിൽ മിനുക്കി വെക്കാത്ത വാക്കുകളുടെ ആധിക്യം കണ്ട് വായനക്കാർ അലോസരപ്പെട്ടു. നിരൂപകർ പതിവുപോലെ പരിഹസിച്ചു. മുമ്പ് ഇംഗ്ലീഷിലെഴുതിയ കവിതകളിലുള്ള പ്രമേയപരവും ഭാഷാപരവുമായ മുറുക്കത്തെക്കാളേറെ ആത്മഗതങ്ങളുടെയും പിറുപിറുക്കലുകളുടെയും സൗന്ദര്യംകൊണ്ട് സുഗ്രാഹ്യമായിരുന്നു ആ വചനങ്ങൾ എങ്കിലും.

നോവൽ തന്റെ എഴുത്തിന്റെ രൂപഘടനയുമായി ഇണങ്ങിച്ചേരുന്നതല്ലെന്നും ചെറുകഥകളിൽനിന്നു ഭിന്നമായി അതിവാചാലമായതിനാൽ നോവലിന്റെ കാലം കഴിഞ്ഞെന്നും മുമ്പ് കമല അഭിപ്രായപ്പെട്ടിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് *ചന്ദനമരങ്ങൾ*, *അവസാനത്തെ അതിഥി* തുടങ്ങി ഒന്നോ രണ്ടോ നീണ്ടകഥകൾ മാത്രമാണ് അവരെഴുതിയത്. കാശുകൂടുതൽ വേണമെന്നു തോന്നുമ്പോഴാണ് താനിങ്ങനെ നോവലെന്നു തോന്നിക്കുന്ന നീണ്ടകഥകളെഴുതുന്നതെന്നും അവർ തുറന്നു പറഞ്ഞു. (*സ്ത്രീ, സ്വത്വം, സമൂഹം*. എഡിറ്റർ, ഇ. വി. രാമകൃഷ്ണൻ). പക്ഷേ ഇസ്‌ലാമിലെത്തിയതിനു ശേഷം, അവരെഴുതിയ ഏറ്റവും നീണ്ട കഥ *വണ്ടിക്കാളകൾ* നോവലായി അച്ചടിച്ചുവന്നു. അതിലെ ഭാവശൂന്യതയും അതിലൈംഗികതയുമാണ് വായനക്കാർ ശ്രദ്ധിച്ചത്. ഒരു പക്ഷേ കാശിന് ബുദ്ധിമുട്ടുണ്ടായതിനാലാകാം കമലാ സുറയ്യ അതു ചെയ്തത്. എങ്കിൽത്തന്നെയും അത്തരം എഴുത്തുകളിൽ മാധവിക്കുട്ടി എന്നും മുമ്പ് പറഞ്ഞ കാവ്യവചനങ്ങളിൽ കമലാ സുറയ്യ, സുറയ്യ എന്നീ പേരുകളും വെക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. മാധവിക്കുട്ടിയിൽനിന്ന് കമലാ സുറയ്യയിലേക്കുള്ള വഴി ഹ്രസ്വവും ഉപരിപ്ലവവുമായി ഇനിയും തള്ളിക്കളയാൻ വയ്യെന്നും ആഴത്തിലുള്ള സാഹിത്യ സാംസ്കാരിക വിശകലനങ്ങൾ അതിലുണ്ടാവണമെന്നും ഈ സൂചനകളിലുണ്ട്.

**മൂന്ന്**

കമലാ സുറയ്യ എന്ന എഴുത്തുകാരി എപ്പോഴെങ്കിലും തന്റെ ഭൂതകാലത്തെ തള്ളിപ്പറഞ്ഞിട്ടില്ല. അല്ലാഹുവോടുള്ള വചനങ്ങളിൽ അവ ഏറ്റുപറയുന്നതുപോലും പശ്ചാത്താപത്തിന്റെ സ്വഭാവത്തിലല്ല. ബഷീറിനെപ്പോലെ, ഒരിക്കലെഴുതിയ കഥകൾക്ക് പിന്നീട് രൂപപ്പെട്ട ആശയാദർശങ്ങളുടെ അടിസ്ഥാനത്തിൽ ഒരടിക്കുറിപ്പു ചേർക്കാൻ അവർ മെനെക്കെട്ടില്ല. തന്റെ മതവും വിശ്വാസവും പൊതുസമൂഹത്തിന്റെയും മുസ്‌ലിം സമുദായത്തിന്റെയും വിചാരണക്ക് വിധേയ

മാണ് എന്ന ചുമതലാബോധം കമലയെ അലട്ടിയിരുന്നില്ല. ഇസ്‌ലാം സ്വീകരണത്തിനുശേഷവും *വണ്ടിക്കാളകൾ* എന്ന നോവലെഴുതാൻ അവർ കാണിച്ച ഉത്സാഹം വിശ്വാസത്തെക്കുറിച്ച് എഴുത്തുകാരിക്ക് സാമൂഹിക ബാധ്യതകളില്ല എന്ന അവരുടെ ആന്തരിക ബോധത്തെ ഉറപ്പിക്കുന്നു. കമലാ സുറയ്യ എഴുതിയതെല്ലാം മികച്ച വായനാനുഭവമായേക്കാം. എന്നാൽ ചില സദാചാരസംഹിതകൾ എഴുത്തിൽ പാലിക്കണമെന്ന് നിർബന്ധമുള്ളവരുടെ നിയമപരിധിക്കുള്ളിൽ പ്രവേശിപ്പിക്കാൻ കഴിയാത്ത കൃതികളാണ് അവയിൽ മിക്കതും. ഭാവിയുടെ ഭാരങ്ങളില്ലാത്ത ഒരാൾക്കുമാത്രം എഴുതാൻ കഴിയുന്ന തരത്തിലാണ് *എന്റെ കഥ* എഴുതുന്നതെന്ന് അതിന്റെ ആമുഖത്തിൽ കമല സൂചിപ്പിച്ചിട്ടുണ്ട്. മതംമാറ്റത്തിനുശേഷവും *എന്റെ കഥ* ഒരു ഭാരമായി കമലക്ക് അനുഭവപ്പെട്ടിട്ടില്ല.

ജീവിതത്തിലെ സ്വാതന്ത്ര്യത്തെക്കുറിച്ച് അത്യധികം അവർ വ്യാകുലപ്പെട്ടു. അതിലേറെ ബേജാറോടെ എഴുത്തിലെ സ്വാതന്ത്ര്യത്തെ കമല അനുഭവിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തോടെ എഴുതുക എന്നാൽ ലൈംഗിക കാര്യങ്ങൾ തുറന്നെഴുതുക എന്ന പൊതു ആഹ്വാനത്തെ നിരൂപകരും പുസ്തകവിൽപനക്കാരും കമലയുടെ കൃതികളിൽനിന്ന് അത്യാഹ്ലാദത്തോടെ കണ്ടെടുക്കുകയും അവ ആഘോഷപ്പതിപ്പുകളാക്കുകയും ചെയ്തു. ആ ആഘോഷംകൊണ്ടുകൂടിയാണ് *എന്റെ കഥ*യും *ചന്ദനമരങ്ങളും* ഒട്ടധികം വിൽപനയായതും. *എന്റെ കഥ*യുടെ വിപണന സാധ്യതയെക്കുറിച്ച് അവർ സ്വതസിദ്ധമായ നിഷ്കളങ്കതയോടെ തുറന്നുപറഞ്ഞിട്ടുമുണ്ട്. എങ്കിലും കേവലം ലൈംഗികമായ മോഹഭംഗങ്ങളുടെ വിഫലമായ ആവിഷ്കാരം എന്നതിലുപരി മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീ-പുരുഷ ബന്ധങ്ങളുടെ വിവരണം നഗരശരീരത്തിന്റെ ഉത്സവമായാണ് പ്രകടമാകുന്നത്. നിശിതമായ വാക്കുകൾകൊണ്ട് ലൈംഗികാനുഭവങ്ങളെയും ആഗ്രഹങ്ങളെയും കമല വിവൃതമാക്കി. കവികൾ വാഴ്ത്തുന്ന മാംസനിബദ്ധമല്ലാത്ത അനുരാഗം എന്നൊന്നില്ല എന്ന് സാറാജോസഫിനു നൽകിയ അഭിമുഖത്തിൽ കമല പറയുന്നുമുണ്ട് (*വിഷാദം പൂക്കുന്ന മരങ്ങൾ*). എഴുത്തുകളിൽ അനുഭവിക്കുന്ന ഭാഷാപരമായ വിലങ്ങുകളെ അതിജയിക്കാൻ നിറങ്ങളും ബ്രഷുമെടുത്ത് കമല ചിത്രം വരയ്ക്കാൻ തുടങ്ങി. പൂർണ നഗ്നകളായ സ്ത്രീകളുടെ ഒട്ടേറെ ചിത്രങ്ങൾ വരച്ചുകൂട്ടി തെരുവിൽ പ്രദർശിപ്പിച്ചു. ഇസ്‌ലാം സ്വീകരിച്ച് പർദകൊണ്ട് ശരീരം മറച്ചിട്ടും മുമ്പ് വരച്ച ചിത്രങ്ങൾ അവരുപേക്ഷിച്ചില്ല.

പ്രണയം, പ്രേമം, സ്നേഹം എന്നിങ്ങനെ നമ്മുടെ പൊതുവ്യവഹാരത്തിൽ വ്യത്യസ്ത അർഥങ്ങൾ ഉൽപാദിപ്പിക്കുന്ന വാക്കുകളെയെല്ലാം അനർഥമാക്കിയാണ് കമല ഉപയോഗിച്ചത്. അല്ലാഹുവിനെയും കൃഷ്ണനെയും അയൽവാസിയായ ചെറുപ്പക്കാരനെയും തനിക്ക് പ്രേമാഭിലാഷം നൽകിയ അജ്ഞാതനെയും ഒരുപോലെ സ്നേഹാനുബന്ധ പദങ്ങൾകൊണ്ട് പരിചയപ്പെടുത്തുമ്പോൾ ഓരോരുത്തരെയും വേറെ വേറെ ആന്തരികമായി അവർ തിരിച്ചറിയുന്നുണ്ട്. എന്നാൽ വായനക്കാരാകട്ടെ അതിന്റെ അർഥവ്യത്യാസമറിയാതെ അങ്കലാപ്പിലായി. സ്നേഹത്തെക്കുറിച്ച് സംസാരിക്കാൻ പുതിയ ഒരു ഭാഷതന്നെ വേണമെന്ന് അവർ മോഹിച്ചു. അമ്മയോടും അച്ഛനോടും മക്കളോടും മലയാളികളോടും കൊടുത്തതൊക്കെ സ്നേഹമായി തിരിച്ചുതരണമെന്ന് അവർ രണ്ടുകൈയും നീട്ടി തെണ്ടിയെപ്പോലെ യാചിച്ചു. അത് കിട്ടുന്നില്ലെന്ന് ഭാവിച്ചും അനുഭവിച്ചും അവർ പരിഭവിച്ചു, പിണങ്ങിപ്പോയി.

**നാല്**

നഗരത്തിന്റെ ആന്തരസംഘർഷത്തെ പ്രമേയമാക്കിയ ആദ്യ മലയാള കഥകൾ കമലാ സുറയ്യയുടേതാണ്. നഗരവാസിയായ ആദ്യത്തെ മലയാളി കഥാകാരി എന്നതുകൊണ്ട് മാത്രമല്ല അത്. നഗരം കാപട്യങ്ങളുടെ ഇരുണ്ട മൂലകളാണെന്നും തന്റെ തറവാട്ടിലെ അത്രപോലും വെളിച്ചം അവിടത്തെ സമ്പന്നരുടെ ഹൃദയങ്ങളിലില്ലെന്നും കമല തിരിച്ചറിഞ്ഞിരുന്നു. സ്ത്രീ ജീവിതത്തിന്റെ ഭിന്ന രുചികളും ലോകങ്ങളുമാണ് കമലയുടെ കഥകളുടെ ആകത്തുക. താനൊരു ഫെമിനിസ്റ്റല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ടുതന്നെ സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ഉത്കണ്ഠകളെ അവർ നിരന്തരം നിരത്തിവെച്ചു. പൂർണമായ ഗ്രാമവും പൂർണമായ നഗരവും രൂപപ്പെടുത്തിയ അനുഭവങ്ങളുള്ളതിനാൽ ഇന്ത്യൻ സ്ത്രീയവസ്ഥയുടെ, പ്രത്യേകിച്ച് മധ്യവർഗ സ്ത്രീയുടെ ലോകത്തിനകത്തുനിന്നുതന്നെ അതിനുള്ള ഉപകരണങ്ങൾ കമലക്ക് ലഭിക്കുകയും ചെയ്തിരുന്നു. പുരുഷനാൽ സംരക്ഷിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ലൈംഗികമായി തൃപ്തിപ്പെടുകയും ചെയ്യുന്നതിലേറെ മറ്റൊന്നും സ്ത്രീക്ക് വേണ്ടെന്ന് തുറന്നടിച്ചുകൊണ്ടാണ് ഒരുവിധത്തിലും കമലാ സുറയ്യ ഫെമിനിസ്റ്റല്ലാതാകുന്നത്. താൻ ഇസ്‌ലാമിലേക്കെത്തിയതുപോലും തന്നെ പ്രേമിച്ച ഒരു പുരുഷന്റെ പ്രേരണയാലാണെന്ന സൂചനകൾ അവർ നിരന്തരം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹു

## ഇന്നത്തേയ്ക്ക് ഒരു ഗാനം

ഈ ലോകം
തപാൽവഴി വാങ്ങാവുന്ന
ഉരുപ്പടികളുടെ
ഒരു പട്ടിക മാത്രമാണ്.
നിങ്ങൾ
പണക്കാരനാവണമെന്നേയുള്ളൂ.
ആവശ്യമുള്ളത് കൈവശമാക്കാം.
ദോഷൈകദൃക്ക്
ഇന്നലെ പറയുകയായിരുന്നു
പുത്തൻ കോഴിമുട്ടകൾ പോലെ
ബോംബുകൾ കൂട്ടിവച്ചിരിക്കുന്നു,
സൗരയൂഥത്തേയും
ഈ പ്രപഞ്ചമാകെ ഉൾക്കൊള്ളുന്ന
തന്മാത്രകളുടെ
വിവേകചൈതന്യത്തേയും
വെറി പിടിപ്പിച്ചുകൊണ്ട്
ബഹിരാകാശത്തിലെ പാളങ്ങളിലൂടെ
കൃത്രിമോപഗ്രഹങ്ങൾ
വഴുതി നീങ്ങുന്നു,
പ്ലാസ്റ്റിക് പോലെതന്നെ
തിന്മയെ
ഒരിക്കലും നശിപ്പിക്കാനാവുകയില്ലല്ലോ.
കുഴിച്ചിട്ടാൽ
മണ്ണ് തുലയും,
കത്തിച്ചാൽ
അന്തരീക്ഷം ദുഷിക്കും.
കൈവിട്ടുപോവാനനുവദിച്ചാൽ
തിന്മ
അതിന്റെ വിധിയനുസരിച്ച്
പോവുകതന്നെ ചെയ്യും.

*സുറയ്യ പാടുന്നു* എന്ന കവിതാ സമാഹാരത്തിൽനിന്ന്

വിന്റെ പരമസ്നേഹത്തിലേക്ക് തന്നെ അണച്ച ആ പ്രണയാന്ത്യത്തെ അവർ നന്ദിപൂർവം സ്മരിക്കുകയും ചെയ്യുന്നു. അല്ലാഹുവിനെ അഭിസംബോധന ചെയ്തെഴുതിയ വചനങ്ങളിൽ ആദ്യം പുറത്തിറങ്ങിയത് ഈ വരികളാണ്-

യാ അല്ലാഹ്
ഇനിയെങ്കിലും എന്നെ ശിക്ഷിക്കുക
നിന്നിലുമധികം ഞാൻ
അവനെ സ്നേഹിച്ചു പോയി

(*ഈ വരും വെള്ളിയാഴ്ച*- സുറയ്യ പാടുന്നു).

ഇസ്ലാമാശ്ലേഷത്തിനു ശേഷമെഴുതിയ മലയാള കവിതകൾ ഇസ്ലാമിന്റെ സൗന്ദര്യദർശന സമീപനങ്ങൾ വെച്ച് ആഴത്തിൽ പഠിക്കാൻ കോപ്പുള്ളവയാണ്. ഇതിനകം അറബിയിലേക്കടക്കം വിവർത്തനം ചെയ്യപ്പെട്ട ഈ രചനകളിൽ മലയാളം ഇന്നേവരേ അനുഭവിച്ചിട്ടില്ലാത്ത കാവ്യബിംബങ്ങൾ സമൃദ്ധമായി കാണുന്നു. പൊതുവെ കമലയുടെ വെറും ഗദ്യത്തിൽപോലും അലങ്കാരങ്ങൾ നിറഞ്ഞിരിക്കുന്നതുകാണാം. കൃത്രിമമായി ഒട്ടിച്ചു വെച്ചതാണെന്ന് വായനക്കാർക്ക് തോന്നാതെ ഉപമാരൂപകങ്ങളെ സൂക്ഷ്മമായി വാക്യത്തിൽ തുന്നിപ്പിടിപ്പിക്കുന്ന അപൂർവ രചനാതന്ത്രമാണ് കമല എഴുത്തിൽ പാലിച്ചിരുന്നത്. ഉപമകളാണ് പ്രധാനമായും അവരുപയോഗിച്ചിരുന്ന അലങ്കാരം. ഏതെങ്കിലുമൊരു കഥ പരിശോധിച്ചാൽതന്നെ ഇതിനുദാഹരിക്കാവുന്ന ധാരാളം ഉദ്ധരണികൾ ലഭ്യമാകും. എന്നാൽ മുമ്പെഴുതിയ രചനകളിലൊന്നിലും കാണാത്ത പുതിയ ചില പ്രതീകങ്ങൾ *യാ അല്ലാഹ്* എന്ന സമാഹാരത്തിലെ വചനങ്ങളിൽ സമൃദ്ധമായി കാണുന്നു. വെള്ളിയാഴ്ച, അറബി, മരുഭൂമി, സുജൂദ്, നമസ്ക്കാരക്കുപ്പായം, നമസ്കാരത്തഴമ്പ്, ഇരുപത്തേഴാം രാവ്, വെട്ടുകിളികൾ, ബാങ്ക് തുടങ്ങി അന്നുവരെ തന്റെ ഭാഷയിൽ പരിചരിച്ചിട്ടില്ലാത്ത വാക്കുകൾ അകൃത്രിമമായി കടന്നുവരുന്നു. ഖുർആനിൽനിന്നും ഹദീസിൽനിന്നും നേരിട്ട് അറബി വചനങ്ങൾ വശ്യമായ അർഥത്തോടെ ഉചിത പ്രകരണങ്ങളിൽ ഉദ്ധരിക്കപ്പെടുന്നു.

ഇങ്ങനെ വാക്കുകളുടെ തലത്തിൽ മാത്രമല്ല ഇസ്ലാമിക വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവർക്കുമാത്രം പരിചിതമായ ആശയലോകങ്ങൾ ഉൽപാദിപ്പിക്കുന്ന ഉപമകളും രൂപകങ്ങളും അത്ഭുതത്തോടെ ആ എഴുത്തുകളിൽ കൂടെക്കൂടെ ഉൾപ്പെടുന്നു. 'കണ്ണാടിയിൽ നിറയുന്ന പതിനാലാം രാവ്', 'മലക്കുകൾ ഇറങ്ങിവരുന്ന രാത്രി', 'ഇഹലോകം ആത്മാവിന് ശവപ്പെട്ടി', 'ദുഷ്ടശിരസ്സിൽ പതിയുന്ന ഇടവപ്പാതി' തുടങ്ങി ഒട്ടനവധി കൽപനകൾ ഇങ്ങനെ കണ്ടെടുക്കാനാവും. ഇവക്കോരോന്നിനും ഹദീസിലും ഖുർആനിലും ഇസ്ലാമിക സംസ്കാരത്തിലുമുള്ള വേരുകൾ തേടുമ്പോൾ കമലയുടെ എഴുത്തിനു പിന്നിലെ ദൈവിക വെളിപാടുകൾ അനാവരണം ചെയ്യപ്പെടും. *സസ്നേഹം* എന്ന സമാഹാരത്തിലെ ഒരു കുറിപ്പിൽ ഈ രഹസ്യം അവർ പങ്കുവെക്കുന്നുമുണ്ട്. "എന്റെ പാഠങ്ങൾ, എന്റെ വെളിപാടുകൾ വെറും അശരീരികളായിരുന്നു. മേഘപാളികളിൽ നിന്നും സമുദ്രതീരത്തുനിന്നും ആകാശത്തിന്റെ അകലങ്ങളിൽ നിന്നും ഞാൻ കൽപനകൾ കേട്ടു എന്റെ സർവകൂപങ്ങളും കാതുകളായി മാറി."

ഈ വെളിപാടുകളുടെ ഉറവിടം അല്ലാഹുവാണ്. അല്ലാഹുവെ ആശ്വാസമായും വിശ്വാസമായും അണിയുകയായിരുന്നു സുറയ്യ. പാതിരാത്രി അലാറംവച്ചുണർന്ന് തഹജ്ജുദ് നമസ്കരിച്ച് അല്ലാഹു തന്നെ തഴുകുന്നത് അനുഭവിച്ചറിഞ്ഞ ഒരു കവിമനസ്സ് ആ അശരീരികൾ കേട്ടേ തീരൂ. ഖുർആനിൽ അല്ലാഹുവെക്കുറിച്ചുള്ള ഏറ്റവും സൗന്ദര്യവത്തായ ഉപമ സൂറ *അന്നൂറി*ലെ മുപ്പത്തിയഞ്ചാമത് വചനമാണ്.

"അല്ലാഹു ഭൂമിയുടെയും നഭസ്സിന്റെയും വെളിച്ചമാണ്.

അവന്റെ വെളിച്ചത്തിന് ഉപമ,

അതൊരു വിളക്കുമാടം, അതിലൊരു വിളക്കുപോലെ.

വിളക്കോ, ചില്ലിനുള്ളിൽ.

സ്ഫടികമോ പ്രഭചിതറുന്നൊരു നക്ഷത്രം പൊലെത്തന്നെ.

അത് കത്തുന്നത്, പവിത്രമായൊരു മരത്തിലെ സ്നേഹംകൊണ്ട്,

കിഴക്കും പടിഞ്ഞാറുമല്ലാത്ത ഒലീവ് കൊണ്ട്.

തീ തൊടാതെത്തന്നെ ആ സ്നേഹം പ്രകാശിക്കുന്നു.

വെളിച്ചത്തിനുമേലെ വെളിച്ചം.

അല്ലാഹു അവന്റെ വെളിച്ചംകൊണ്ട്

അവന് തൃപ്തിപ്പെട്ടവരെ വഴികാണിക്കുന്നു."

ഈ വെളിച്ചമാണ് സുറയ്യ ഇസ്ലാം

**ഒരുമ്പെട്ടവളായ ഒരെഴുത്തുകാരിയുടെ കുറേ ഭ്രാന്തുകളിൽ ഒരു ഭ്രാന്ത് എന്നാണ് പലരും ആ മതംമാറ്റത്തെ പരിഹസിച്ചത്. കേരളത്തിന്റെ മത- സാമൂഹിക ഘടനയിൽ ആഴത്തിൽ ഇളക്കമുണ്ടാക്കിയ ആ സംഭവത്തെ കേവലം തമാശയായി തട്ടിയകറ്റിയതിന്റെ ഏറ്റവും വലിയ പിഴ നാം ഒടുക്കാനിരിക്കുന്നതേയുള്ളൂ.**

സ്വീകരിക്കുമ്പോൾ കണ്ടത്. ഖുർആനിലെ ഇതേ അധ്യായത്തിൽ തന്നെയാണ് ഹിജാബിനെക്കുറിച്ചുമുള്ള കൽപനകളുള്ളതെന്നത് മറ്റൊരു യാദൃച്ഛികതയാണ്. പർദ സുറയ്യയെ സംബന്ധിച്ച് ശരീരത്തിന്റെ മറ്റൊരു ആവിഷ്കാരമായിരുന്നു. മലയാളത്തിനും മലയാളിക്കും പരിചയമില്ലാത്ത ഈ ഇസ്‌ലാമിക മിത്തുകളെ കുറഞ്ഞകാലംകൊണ്ട് എഴുത്തിലേക്ക് ആവാഹിക്കാൻ കഴിയുന്നതിനു പിന്നിലെ പ്രതിഭാവിലാസത്തെ ഉചിതമായ ഉപകരണങ്ങൾ വെച്ച് വായിച്ചെടുക്കാൻ ഇനിയും ശ്രമങ്ങളുണ്ടാവേണ്ടിയിരിക്കുന്നു.

**അഞ്ച്**

ഒടുവിൽ സുറയ്യ തന്റെ പ്രിയതമനെ കണ്ടുമുട്ടുന്നു. എഴുപത്തേഴാണ്ടിന്റെ അരണ്ട ജീവിതം മുഴുവനും മജ്നുവിനെ തേടിനടന്ന ലൈലയെപ്പോലെ, ഹുസ്നുൽ ജമാൽ ബദ്റുൽ മുനീറിനെയെന്നപോലെ സുറയ്യ തന്റെ പ്രിയതമനെ കണ്ടുമുട്ടുന്നു. അനുഗ്രഹിക്കപ്പെട്ട ചിലർ ഇങ്ങനെ വേദനയുടെ നരകജീവിതത്തിനൊടുവിൽ വെളിച്ചത്തിന്റെ വാതിൽപ്പടിയിൽ ചെന്നെത്തുന്നു. അവിടെ മലക്കുകൾ അവരെ സ്വീകരിക്കാൻ ഒരുങ്ങിനിൽക്കുന്നുണ്ടായിരിക്കും, അവർ പറയും–

അടക്കം കൈവന്ന ആത്മാവേ,

നിന്റെ നാഥന്റെ സവിധം മടങ്ങി ച്ചെല്ലുക.

എത്രയും തൃപ്തമായി,

അത്രതന്നെ അവൻ നിന്നിലും തൃപ്തനത്രെ.

ഫിർദൗസിലെ ചിത്രസിംഹാസനത്തിൽ ആരൂഢനായ റബ്ബും തന്റെ പ്രിയപ്പെട്ട അടിമയെ കാത്തിരിക്കുന്നുണ്ട്. ഹിമജലംകൊണ്ടും പനിനീരുകൊണ്ടും ശുദ്ധമാക്കിയ ആ സാന്ധ്യനക്ഷത്രത്തോട് അവൻ സ്വാഗതം പറയും

അങ്ങനെ എന്റെ അടിയാറുകളിലേക്ക്

കടന്നുവരൂ

എന്റെ സ്വർഗപ്പൂന്തോപ്പിലേക്ക്

കടന്നുവരൂ. (ഖുർആൻ, *അൽ–ഫജ്ർ*). ■

jameelahmednk@gmail.com

# പൂമ്പാറ്റയെ കാക്കുന്ന പൂവ്

യാ അല്ലാഹ്
വിധികർത്താവേ,
എന്റെ കൈകാലുകൾ തളർത്തുക
ചലനമറ്റ പാവയായി
ഇനിയുള്ള കാലം
ഞാൻ കിടക്കട്ടെ
കൂട്ടിന് നീ മാത്രം,
അൽപം ആത്മനിന്ദയും.......

---

# മുള്ള്

മുള്ള് വിൽക്കുന്നവൾ ഞാൻ
ഒറ്റയ്ക്കുറങ്ങുന്നവൾ
മുളങ്കാടുകളിൽച്ചെന്ന്
മുള്ളുകൾ ശേഖരിക്കവെ
രക്തപങ്കിലങ്ങളായ്മാറും
ഹസ്തങ്ങൾ പലപ്പോഴും.
തലയിൽ മുള്ളുമായി ഞാൻ
അലയുമ്പോൾ വിളിച്ചു കൂവുന്നു,
മുള്ളുകൾ വേണോ നിങ്ങൾക്ക്
കൂർത്ത കൂരമ്പുകൾ?
പ്രേമത്തിന്നന്ത്യം, നുണഞ്ഞവർ
വേലികൾ ഉയർത്തുന്നു
അകറ്റാ,നകലാനും വേണ്ടി
വേലികൾ ചമയ്ക്കുന്നു ധൃതിയിൽ.

---

*സുറയ്യ പാടുന്നു* എന്ന കവിതാ സമാഹാരത്തിൽനിന്ന്